ശ്രീ. യു. എ. ബീരാൻ : പരപ്പനങ്ങാടി ഗോഡൗൺ നിർണ്ണയത്തിനുള്ള ലാന്റ് അക്വിസിഷന് എതിരായി പ്രവർത്തനം നടത്തിയ മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റു പാർട്ടിയിലെ ആളുകളുടെ കൂട്ടത്തിൽ ഏതാനും കോൺഗ്രസ്സുകാരും ഉണ്ടായിരുന്നുവെന്നത് ഒരു വസ്തുതയാണ്.....(ബഹളം).....പക്ഷേ അവിടെ ബുദ്ധിമുട്ടൊന്നുമില്ലാത്ത രീതിയിൽ അക്വിസിഷൻ നടപടികൾ നടത്തണമെന്നാണ് ആവശ്യപ്പെട്ടിട്ടുള്ളത്.

റേഷൻ മൊത്തവിതരണം

*111 [153] ശ്രീ. ഇ. പത്മനാഭൻ :

" ടി. കെ. ഹംസ :

" എ. കെ. പത്മനാഭൻ :

" സി. ടി. കൃഷ്ണൻ :

ശ്രീമതി പി. ദേവൂട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ മൊത്തവിതരണ രംഗത്തുനിന്ന് ഫുഡ് കോർപ്പറേഷനെ പൂർണ്ണമായും ഒഴിവാക്കുവാൻ സർക്കാർ നടപടികളാരംഭിച്ചിട്ടുണ്ടോ;

(ബി) 1983-84 മുതൽ 1985 ജൂലായ് വരെ എത്ര മൊത്തവിതരണ ലൈസൻസ് സ്വകാര്യ വ്യക്തികൾക്ക് അനുവദിച്ചിട്ടുണ്ട്;

(സി) മൊത്തവിതരണ കച്ചവടക്കാർക്ക് അനുവദിക്കുന്ന ലാഭനിരക്ക് എത്ര; ചെലവെത്ര?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. യു. എ. ബീരാൻ) :

(എ) എഫ്. സി. ഐ. കഴിഞ്ഞ കുറെ വർഷങ്ങളായി നിർബ്ബന്ധമായി ആവശ്യപ്പെട്ടതനുസരിച്ച് ഇതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ബി) ആറ് എണ്ണം.

(സി) ഫുഡ് കോർപ്പറേഷൻ ഡിപ്പോയിൽനിന്നും ഹോൾസെയിൽ ഡിപ്പോയിലേക്കുള്ള ദൂരത്തിന്റെ അടിസ്ഥാനത്തിലാണ് ലാഭവിഹിതം നിശ്ചയിച്ചിട്ടുള്ളത്. ഇതനുസരിച്ച് 16 കിലോ മീറ്റർവരെ ദൂരത്തിൽ പ്രവർത്തിക്കുന്ന ഹോൾസെയിൽ ഡിപ്പോക്ക് ക്വിന്റലിന് 5 രൂപ 25 പൈസയും 28 കിലോ മീറ്റർവരെയുള്ള ഡിപ്പോകൾക്ക് 5 രൂപ 94 പൈസയും 40 കിലോമീറ്റർ വരെയുള്ള ഡിപ്പോകൾക്ക് 6 രൂപ 23 പൈസയും 64 കി. മീ. വരെയുള്ള ഡിപ്പോക്ക് 7 രൂപ 27 പൈസയും കൂടാതെ 64 കിലോ മീറ്ററിൽ കൂടുതലുള്ള ദൂരത്തിന് കിലോമീറ്ററിന് 4 പൈസ എന്ന നിരക്കിലും ലാഭവിഹിതം അനുവദിച്ചിട്ടുണ്ട്. ഭക്ഷ്യധാന്യങ്ങൾ കൈകാര്യം ചെയ്യുന്നതിന് വ്യാപാരികൾക്കുണ്ടാകുന്ന ചെലവ് അവരാണ് കണക്കാക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. ഹംസ : സർ, കേരള സംസ്ഥാനത്തിൽ കേന്ദ്രം അനുവദിച്ചിരുന്ന 19 ഗോഡൗണുകൾ ഇല്ലാതെ പോയതിന്റെ അടിസ്ഥാനത്തിൽ റേഷൻ മൊത്ത വ്യാപാരത്തെ പ്രതികൂലമായി ബാധിക്കുമെന്ന് ബഹുമാനപ്പെട്ട മന്ത്രിക്ക് അഭിപ്രായമുണ്ടോ?

ശ്രീ. യു. എ. ബീരാൻ : ഇല്ല. ഇപ്പോൾ സ്റ്റോക്കു ചെയ്യാനുള്ള സൗകര്യമുണ്ട്.

ശ്രീ. ടി. കെ. ഹംസ : വണ്ടൂരിലെ ഹോൾ സെയിൽ ഡിപ്പോക്ക് ശാഖ സ്ഥാപിക്കുന്നതിനെ സംബന്ധിച്ച് കോൺഗ്രസ്സും മുസ്ലീം ലീഗും തമ്മിൽ തർക്കമുണ്ടായി. അത് ഇന്ന് അപകടസന്ധിയിലാണ് നിൽക്കുന്നത്. അതില്ലാതെയാക്കാൻ നടപടിയെടുക്കുമോ?

ശ്രീ. യു. എ. ബീരാൻ : അത് കോൺഗ്രസും മുസ്ലീം ലീഗും തമ്മിലുള്ള തർക്കം കൊണ്ടുള്ള അപകടസന്ധിയല്ല. സാങ്കേതികമായി അത് സ്റ്റേയിലാണ്.

ശ്രീ. എ. കെ. പത്മനാഭൻ : നിരവധി വർഷങ്ങളായി ഫുഡ് കോർപ്പറേഷൻ ആവശ്യപ്പെടുന്നുയെന്ന് മന്ത്രി പറഞ്ഞു. എന്നാണ് ഫുഡ് കോർപ്പറേഷനിൽ നിന്ന് ഒഴിവാക്കണമെന്ന് സംസ്ഥാന ഗവൺമെന്റ് ആവശ്യപ്പെട്ടത്?

ശ്രീ. യു. എ. ബീരാൻ : 1980-ൽ

ശ്രീ. എ. കെ. പത്മനാഭൻ : സ്വകാര്യ വ്യക്തികളെ ഫുഡ് കോർപ്പറേഷൻ മൊത്തവ്യാപാരം ഏൽപ്പിക്കുന്ന നടപടിക്കെതിരായി ആരെങ്കിലും ഗവൺമെന്റിൽ നിവേദനം നൽകിയിട്ടുണ്ടോ? ഉണ്ടെങ്കിൽ ഏതെല്ലാം സംഘടനകളാണ് നിവേദനം നൽകിയത്?

ശ്രീ. യു. എ. ബീരാൻ : അങ്ങനെ ചെയ്യരുതെന്ന് പറഞ്ഞ് പലരും നിവേദനം നൽകിയിട്ടുണ്ട്. അതിൽ പ്രധാനമായും നിവേദനം നൽകിയത് എഫ്. സി. ഐ. തൊഴിലാളികളുടെ ഫെഡറേഷനും അവരുടെ സംഘടനകളുമാണ്.

ശ്രീ. സി. ടി. കൃഷ്ണൻ : സർ, ഫുഡ് കോർപ്പറേഷനിൽ നിന്ന് റേഷൻ മൊത്ത വ്യാപാരം മാറ്റുന്നത് ബഹുമാനപ്പെട്ട മന്ത്രിയുടെ പാർട്ടിയിൽപ്പെട്ട ചില ആളുകൾക്കു വേണ്ടിയാണെന്നും അങ്ങനെ ചെയ്യുന്നത് തടയണമെന്നാവശ്യപ്പെട്ടു കൊണ്ടും അതിൽ അവിഹിതമായ ചില നടപടികൾ ഉണ്ടെന്നും പറഞ്ഞ് ആക്ഷേപങ്ങൾ ബോധിപ്പിച്ചിട്ടുണ്ടോ? നിവേദനങ്ങൾ കിട്ടിയിട്ടുണ്ടോ? അതിന് എന്തെങ്കിലും നടപടി എടുത്തിട്ടുണ്ടോ?

ശ്രീ. യു. എ. ബീരാൻ : ഇല്ല. എന്റെ പാർട്ടിക്കുവേണ്ടിയല്ല അത് ചെയ്യുന്നത്. കേരളാ റേഷണിംഗ്-ഓർഡർ അനുസരിച്ച് ആണ് ചെയ്യുന്നത്.

ശ്രീ. സി. ടി. കൃഷ്ണൻ : സർ, ഒറ്റപ്പാലം മാർക്കറ്റിംഗ് സൊസൈറ്റി നടത്തി വന്നിരുന്ന റേഷൻ കടകൾ എല്ലാം തന്നെ അതിൽനിന്നും മാറ്റി അത് മന്ത്രിയുടെ

LIBRARY ARCHIVES Kerala Legislative Assembly

പാർട്ടിയിൽപ്പെട്ട ഒരു സ്വകാര്യ വ്യക്തിക്കു കൊടുക്കുന്നുയെന്ന് മനസ്സിലാക്കിക്കൊണ്ട് ഒറ്റപ്പാലം മാർക്കറ്റിംഗ് സൊസൈറ്റി ഗവൺമെന്റിൽ നടത്തിയ നിവേദനത്തെ സംബന്ധിച്ച് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. യു. എ. ബീരാൻ : ഈ പറഞ്ഞത് ശരിയല്ല. ഒറ്റപ്പാലം മാർക്കറ്റിംഗ് സൊസൈറ്റിയുടെ പരിധിയിൽപ്പെട്ടിട്ടുള്ള ചില സ്ഥലങ്ങളിൽ റവന്യൂ ബോർഡിന്റെ ഇപ്പോഴത്തെ നോംസനുസരിച്ച് കൂടുതൽ ഹോൾസെയിൽ ഡിപ്പോകൾ വേണമെന്നുണ്ട്. കാരണം അത് ഉപഭോക്താക്കൾക്കു കൂടുതൽ സൗകര്യപ്രദമാണ്. അതുകൊണ്ട് കൊപ്പം എന്ന സ്ഥലത്ത് കൂടുതൽ ഹോൾ സെയിൽ ഡിപ്പോകൾ അനുവദിച്ചു. അതിന്റെ നോട്ടിഫിക്കേഷനായി. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ ആർക്കും കൊടുക്കാൻ തീരുമാനിച്ചിട്ടില്ല. അതിന്റെ നടപടിക്രമങ്ങളൊന്നും ആയിട്ടില്ല. അതിന് മുമ്പ് ഒറ്റപ്പാലം ബാങ്കിന്റെ പ്രതിനിധികൾ എന്നെ വന്നു കണ്ടു. അവരോട് ഞാൻ അപേക്ഷിക്കുവാൻ പറഞ്ഞു. അവരും മറ്റു പലരും അപേക്ഷിച്ചിട്ടുണ്ട്. ഏഴെട്ടാളുകൾ അപേക്ഷിച്ചിട്ടുണ്ട്. പക്ഷെ ഒറ്റപ്പാലം ബാങ്ക് ഇപ്പോൾ ഹൈക്കോടതിയിൽ പോയിരിക്കുകയാണ്; സ്റ്റേ ആയി. ആർക്കും കൊടുത്തിട്ടില്ല, എന്റെ പാർട്ടിക്കും കൊടുത്തിട്ടില്ല. അത് ഒരു തെറ്റിദ്ധാരണയാണ്. തെറ്റിദ്ധാരണയുണ്ടാക്കി വെറുതെ പ്രചാരവേല ചെയ്യുകയാണ്.

ശ്രീമതി പി. ദേവൂട്ടി : സർ, റേഷൻ മൊത്ത വിതരണ വ്യാപാരം സ്വകാര്യ വ്യക്തികൾക്ക് കൊടുക്കുന്നതിന് പകരം സർവ്വീസ് ബാങ്കുകൾക്കും അതുപോലെയുള്ള സഹകരണ സ്ഥാപനങ്ങൾക്കും കൊടുക്കുന്നതിന് ഗവൺമെന്റിന് ഉദ്ദേശമുണ്ടോ?

ശ്രീ. യു. എ. ബീരാൻ : ഓരോ സ്ഥലത്തെയും സർവ്വീസ് ബാങ്കുകൾക്കും സഹകരണ സ്ഥാപനങ്ങൾക്കും അതിന് അപേക്ഷിക്കാം. അവർ അപേക്ഷിച്ചാൽ അവർ മറ്റു വിധത്തിൽ എലിജിബിളാണെങ്കിൽ അവർക്ക് മുൻഗണനയും നൽകാറുണ്ട്.

ശ്രീമതി പി. ദേവൂട്ടി : സർ, മൊത്ത വ്യാപാരം സഹകരണ സ്ഥാപനങ്ങൾക്ക് കൊടുക്കുകയാണെങ്കിൽ അതിന്റെ നിബന്ധന എന്തൊക്കെയായിരിക്കും?

ശ്രീ. യു. എ. ബീരാൻ : സഹകരണ സ്ഥാപനങ്ങൾക്കു മറ്റുള്ളവയെപ്പോലുള്ള നിബന്ധനകളുണ്ട്. കേരളാ റേഷനിംഗ് ഓർഡറിൽ പറഞ്ഞിട്ടുള്ള എല്ലാ നിബന്ധനകളും അവർക്കു ബാധകമാണ്.

ശ്രീ. കെ. കെ. തോമസ് : സർ, ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞത്, എഫ്. സി. ഐ. യുടെ ഗോഡൗണുകൾ നിർത്തണമെന്ന് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് സ്വകാര്യ വ്യക്തികൾക്ക് മൊത്ത വ്യാപാരം നൽകുന്നതിന് തീരുമാനിച്ചതെന്ന്. ഇത് അപകടം ചെയ്യും. എന്റെ നിയോജകമണ്ഡലത്തിലെ ഫുഡ് കോർപ്പറേഷൻ ഡിപ്പോ നിർത്തരുതെന്ന് ആവശ്യപ്പെട്ടുകൊണ്ട് പ്രക്ഷോഭണങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

ഇപ്പോൾ നടക്കുന്നുണ്ട്. എഫ്. സി. ഐ. അങ്ങനെ നിർത്താൻ ആഗ്രഹിക്കുകയാണെങ്കിൽ മറ്റേതെങ്കിലും ബദൽ സംവിധാനം ഏർപ്പെടുത്താൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. യു. എ. ബീരാൻ : 1969-ൽ എഫ്. സി. ഐ. യും സംസ്ഥാന ഗവൺമെന്റും തമ്മിൽ ഒരു താല്ക്കാലിക-മൂന്നു വർഷത്തെ-കരാറിന്റെ അടിസ്ഥാനത്തിലാണ് എഫ്. സി. ഐ. 22 കേന്ദ്രങ്ങളിൽ വിതരണത്തിന്റെ ചുമതല ഏറ്റെടുത്തത്. അത് എഫ്. സി. ഐ. യുടെ ഉത്തരവാദിത്വത്തിൽപ്പെട്ടതല്ല. എഫ്. സി. ഐ. ഇന്ത്യ ഒട്ടാകെ ഭക്ഷ്യധാന്യം സംഭരിക്കുകയും സംസ്ഥാനങ്ങൾക്ക് വിതരണം ചെയ്യുകയും ചെയ്യുന്ന ജോലി മാത്രമാണ് ചെയ്യുന്നത്. ഇത് അവരുടെ ജോലിയിൽപ്പെട്ടതല്ല. ഒരു പ്രത്യേക സാഹചര്യത്തിൽ മൂന്നു കൊല്ലത്തേക്ക് അവർ ഏറ്റെടുത്തു: ആ മൂന്നു കൊല്ലം കഴിഞ്ഞതിനു ശേഷം അവർ അത് മാറ്റിക്കിട്ടണമെന്ന് ആവശ്യപ്പെടുകയാണ്. ഇപ്പോൾ നിർബന്ധമായും അവർ ആവശ്യപ്പെടുന്നു. അതുകൊണ്ട് അതിന് ബദൽ സംവിധാനങ്ങളെ സംബന്ധിച്ച് ഗവൺമെന്റ് വളരെക്കാലമായി ആലോചിച്ചു. ബഹുമാനപ്പെട്ട നായനാർ ഇവിടെ മുഖ്യമന്ത്രിയായിരുന്ന സമയത്ത്, എന്റെ സുഹൃത്ത് ശ്രീ. ചന്ദ്രശേഖരൻ നായർ ഭക്ഷ്യവകുപ്പ് മന്ത്രിയായിരുന്ന സമയത്ത്, ഈ ആവശ്യമനുസരിച്ച് മീറ്റിംഗ് വിളിച്ചുകൂട്ടി കോ-ഓപ്പറേറ്റീവ് ഉദ്യോഗസ്ഥൻമാരെ വിളിച്ചുകൂട്ടി അവരോട് ഇത് ഏറ്റെടുക്കാൻ സാധിക്കുമോയെന്നു ചോദിച്ചു. അവർ അതിന് സാദ്ധ്യമല്ലായെന്നു പറഞ്ഞു. പിന്നെ എന്റെ ഭരണകാലം വന്നതിനു ശേഷം അവർ നിർബ്ബന്ധമായി ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ സിവിൽ സപ്ലൈസ് കോർപ്പറേഷനോട് ആവശ്യപ്പെട്ടു. അവർക്ക് നിവൃത്തിയില്ലായെന്നു പറഞ്ഞു. അതുകൊണ്ട് ഇത് അവരിൽ നിന്ന് ഏറ്റുവാങ്ങി. ഈ നിലയിൽ ഇവിടെ സ്വകാര്യ വ്യക്തികൾക്കായാലും സഹകരണ സ്ഥാപനങ്ങൾക്കായാലും കൊടുത്തുകൊണ്ട് നമ്മുടെ ഭക്ഷ്യധാന്യ വിതരണം സുഗമമായി മുമ്പോട്ടു പോകാൻ നിർവ്വാഹമുള്ളൂ. വേറെ ഗത്യന്തരമില്ല.

ശ്രീ. ടി. പി. പീതാംബരൻ മാസ്റ്റർ : സർ, മട്ടാഞ്ചേരി ഭാഗത്ത് ഭക്ഷ്യധാന്യം വിതരണം ചെയ്യുന്ന എഫ്. സി. ഐ. യുടെ ഗോഡൗണിൽനിന്ന് അവിടത്തെ ഉദ്യോഗസ്ഥന്മാരും ചില കച്ചവടക്കാരും കൂടി ചേർന്ന് നല്ല അരി കരിഞ്ചന്തയിൽ വിടുകയും പകരം മോശമായ അരി ഗോഡൗണിൽ എത്തുകയും ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? അതിനെതിരായി അവിടത്തെ റേഷൻ വ്യാപാരികളുടെ സംഘടനാ നേതാക്കന്മാർ സമരം നടത്തിയതിനെത്തുടർന്ന് ഇപ്പോൾ അത്തരം ആളുകളുടെ കടയിൽ നിരന്തരമായി പശപ്പച്ചരിയും മോശപ്പെട്ട അരിയും കൊടുക്കുന്നതായി പരാതി ലഭിച്ചിട്ടുണ്ടോ? ഇതു സംബന്ധിച്ച് എന്തെങ്കിലും നടപടിയെടുക്കാൻ തയ്യാറായിട്ടുണ്ടോ?

ശ്രീ. യു. എ. ബീരാൻ : ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ ചില സ്ഥലങ്ങളിൽ അങ്ങനെയുള്ള പ്രശ്നങ്ങൾ ഉണ്ടാകാറുണ്ട്. ആ പ്രദേശത്തുവച്ചുതന്നെ അദ്ദേഹം എന്നോടു പറഞ്ഞതാണ്. പക്ഷെ ഇതിന്റെ സാധാരണ നിബന്ധനയനു

LIBRARY ARCHIVES Kerala Legislative Assembly

സരിച്ച് സാമ്പിൾ, പരിശോധനയ്ക്ക് വയ്ക്കുന്നുണ്ട്. ഡിപ്പോയിൽ ഏതു തരം അരിയാണ്, ഇതിന്റെ പേരുണ്ട്. ഏതു തരം അരിയാണ് സാമ്പിളെന്നു വച്ചാൽ അതിന്റെ പേര് പുറത്തു കാണിക്കണം. ആ സാമ്പിൾ രണ്ടുവിഭാഗത്തിലെയും ഉദ്യോഗസ്ഥന്മാർ പരിശോധിച്ചതിനു ശേഷം അതു തന്നെയാണ് കൊടുക്കുന്നതെന്ന് ബോദ്ധ്യമായതിനു ശേഷം മാത്രമേ അവർ സ്വീകരിക്കേണ്ടതുള്ളു. അതുകൊണ്ട് ആ നിർദ്ദേശം കർശനമായും പാലിക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്.

<u>ശ്രീ. കെ. പി. എ. മജീദ്</u> : സർ, റേഷൻ മൊത്ത വിതരണരംഗത്ത് നിന്ന് ഫുഡ് കോർപ്പറേഷൻ മാറി നില്ക്കുകയും സഹകരണ സ്ഥാപനങ്ങൾ അത് ഏറ്റെടുത്ത് നടത്താൻ മുമ്പോട്ടു വരികയും ചെയ്ത സാഹചര്യത്തിൽ അവരുമായി ചർച്ച നടത്തിയപ്പോൾ ഒഴിവാക്കപ്പെടുന്ന ഗോഡൗണുകളെ സംബന്ധിച്ച് ഉള്ള ധാരണ സഹകരണ സ്ഥാപനങ്ങളുമായി ചർച്ചചെയ്ത് തീരുമാനിക്കാൻ തയ്യാറാകുമോ?

<u>ശ്രീ. യു. എ. ബീരാൻ</u> : അതാണ് ഞാൻ പറഞ്ഞത്. ബഹുമാനപ്പെട്ട മെമ്പർ കേൾക്കാത്തതുകൊണ്ടാണ്. എന്റെ മുൻഗാമി ശ്രീ. ചന്ദ്രശേഖരൻ നായർ തന്നെ സഹകരണ സ്ഥാപനങ്ങളുടെ മുഴുവൻ പ്രതിനിധികളെയും വിളിച്ചുകൂട്ടി ഇത് ഏറ്റെടുക്കാൻ തയ്യാറാകുമോയെന്നു അന്വേഷിച്ചു. അതിന്റെ മിനിട്ട്സ് ഇവിടെയുണ്ട്. അതുകൊണ്ട് പിന്നെ സിവിൽ സപ്ലൈസ് കോർപ്പറേഷന് സാദ്ധ്യമാണോ എന്നു ചോദിച്ചു. ആർക്കും സാദ്ധ്യമല്ല. എഫ്. സി. ഐ. പറയുന്നു, ഞങ്ങൾ വൻപിച്ച നഷ്ടത്തിലാണ്. ഇത് ഞങ്ങളുടെ ഉത്തരവാദിത്വമല്ല. ഇതിൽ നിന്ന് ഞങ്ങളെ ഒഴിവാക്കിത്തരണമെന്ന്. സംസ്ഥാന ഗവൺമെന്റ് എന്താണ് ചെയ്യേണ്ടത്? ഗത്യന്തരമില്ലാതെയാണ് സ്വകാര്യ വ്യക്തികൾക്കു കൊടുക്കാൻ തീരുമാനിച്ചത്.

<u>ശ്രീ. കെ. ഇ. ഇസ്മയിൽ</u> : സർ, റേഷൻ വിതരണം ഇപ്പോൾ നമ്മുടെ സംസ്ഥാനത്ത് പല സഹകരണ സ്ഥാപനങ്ങളുമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. ആ സഹകരണ സ്ഥാപനങ്ങളിൽനിന്ന് സ്വകാര്യ വ്യക്തികൾക്ക് ഇത് നൽകണമെന്നു ഒരു തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഈ സൊസൈറ്റികൾ നടത്തുന്നതിന് സ്വകാര്യ വ്യക്തികൾകൂടി അപേക്ഷിക്കാൻ അവസരം ഉണ്ടാക്കുന്ന നിലയിൽ ഇപ്പോൾ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇത് കേരളാ ഗവൺമെന്റിന്റെ നയമാണോ? ഈ നയം തുടരാനാണോ ഗവൺമെന്റ് ഉദ്ദേശിക്കുന്നത്? അല്ലെങ്കിൽ പൊതു താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനു വേണ്ടി പ്രവർത്തിക്കുന്ന സഹകരണ സ്ഥാപനങ്ങൾക്കു തന്നെ ഇതിന്റെ വിതരണം ഏല്പിച്ചുകൊടുക്കാൻ, റേഷനിംഗ് ആക്ടിൽ എന്തെങ്കിലും ഭേദഗതി വരുത്തി കൊടുക്കാൻ ആവശ്യമായ നടപടിയെടുക്കാമോ?

<u>ശ്രീ. യു. എ. ബീരാൻ</u> : ഞാൻ അത് പറഞ്ഞു കഴിഞ്ഞു. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ സഹകരണ സ്ഥാപനങ്ങൾ നടത്തുന്ന റേഷൻ ഡിപ്പോകൾ അവരിൽനിന്ന് ഏറ്റെടുത്ത് സ്വകാര്യ വ്യക്തികൾക്ക് കൊടുക്കണമെന്നത് ഈ ഗവൺമെന്റിന്റെ നയമല്ല. പക്ഷെ സഹകരണ സംഘങ്ങൾ നടത്തുന്നതായാലും സ്വകാര്യ

LIBRARY ARCHIVES Kerala Legislative Assembly

വ്യക്തികൾ നടത്തുന്നതായാലും ഉപഭോക്താക്കളുടെ സൗകര്യാർത്ഥം റവന്യൂ ബോർഡ് ഉണ്ടാക്കിയിട്ടുള്ള മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ മിനിമം 25 മാക്സിമം 50 റേഷൻ ഡിപ്പോ എന്ന തോതിൽ വിഭജിക്കാനുള്ള നടപടികൾ എവിടെയെല്ലാം സൗകര്യമാണോ പ്രത്യേകിച്ച് കൺസ്യൂമർ അപേക്ഷിക്കുന്നതനുസരിച്ച് സ്വീകരിക്കാൻ തയ്യാറാണ്. അങ്ങനെ ചെയ്യുമ്പോൾ പൊതുവായി എ. ഡബ്ല്യൂ. ഡി. നിശ്ചയിക്കുമ്പോൾ എ. ഡബ്ല്യൂ. ഡി. നോട്ടിഫൈ ചെയ്യുന്ന അവസരത്തിലും സഹകരണ സംഘങ്ങൾക്ക് അപേക്ഷിക്കാവുന്നതാണ്. അത് എലിജിബിളാണെങ്കിൽ അവർക്ക് നൽകുന്നതുമാണ്.

ശ്രീ. ബെന്നിബഹനാൻ : റേഷൻ മൊത്തവിതരണം സഹകരണരംഗത്തും അതുപോലെതന്നെ സ്വകാര്യവ്യക്തികൾക്കും നൽകുന്നതായിട്ട് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. നേരത്തേ സഹകരണ സ്ഥാപനങ്ങൾക്ക് മുൻഗണന കൊടുക്കണമെന്ന നിബന്ധനയുണ്ടായിരുന്നു. ഇപ്പോൾ ആ നിബന്ധനമാറ്റാനുള്ള കാരണം എന്താണെന്ന് വ്യക്തമാക്കുമോ?

ശ്രീ. യു. എ. ബീരാൻ : സഹകരണസംഘങ്ങൾക്ക് മുൻഗണന കൊടുക്കുന്ന നിയമം മാറ്റിയിട്ടില്ല. ആ നിയമം ഇപ്പോഴും നിലവിലുണ്ട്. പക്ഷെ മറ്റ് എല്ലാവിധത്തിലുള്ള വ്യവസ്ഥകളും അവർ പാലിക്കണമെന്ന് നിർബ്ബന്ധമുണ്ട്. അത് മുമ്പുള്ള നിയമമാണ്. മുമ്പുള്ള വ്യവസ്ഥയാണ്.

ശ്രീ. വി. സി. കബീർ : കഴിഞ്ഞ കാൽനൂറ്റാണ്ടായി പ്രശസ്തമായരീതിയിൽ ഒറ്റപ്പാലം താലൂക്കിൽ റേഷൻ മൊത്തവിതരണം നടത്തിയിരുന്ന ഒറ്റപ്പാലം മാർക്കറ്റിംഗ് സൊസൈറ്റിയിൽനിന്ന് വളരെ ദുരുദ്ദേശപരമായി ഒരു വിഭാഗം ഒഴിവാക്കി ഡിപ്പോ ആരംഭിക്കാൻ ഗവൺമെന്റിനെ പ്രേരിപ്പിച്ച ചേതോവികാരം എന്താണ്? അതിനെത്തുടർന്ന് അവിടെ വലിയ പ്രക്ഷോഭമുണ്ടായി. നാട്ടികയിലെ പ്രശ്നംപോലെ വരികയാണ്. അതുകൊണ്ട് ആ പരിപാടി അവസാനിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ശ്രീ. യു. എ. ബീരാൻ : ഗവൺമെന്റിന്റെ ചേതോവികാരമാണ് ഏതാനും നിമിഷങ്ങൾക്കുമുമ്പ് ഞാൻ പറഞ്ഞത്. അതായത് സഹകരണസംഘങ്ങൾ നടത്തുന്നതായാലും സ്വകാര്യവ്യക്തികൾ നടത്തുന്നതായാലും നമ്പർ ഓഫ് എ. ആർ. ഡി. എത്ര റേഷൻ ഡിപ്പോകൾ അവരുടെ കീഴിൽ ഉണ്ടെന്നുള്ളതാണ്. ചില സൊസൈറ്റികളുടെ കീഴിൽ നൂറോ നൂറ്റിയമ്പതോ ഉണ്ടായിരിക്കും. അത് വകവച്ചുകൊടുക്കാൻ പറ്റുകയില്ല. നാട്ടികയിൽ ചെയ്തപ്പോൾ ഉപഭോക്താക്കൾക്ക് സൗകര്യമായി. അവർക്ക് വില കുറഞ്ഞു. അതുപോലെ ഈ പ്രദേശത്തും പുതുതായി ഒന്ന് ഉണ്ടാകുന്നത് നല്ലതാണെന്ന് ഡിപ്പാർട്ടുമെന്റിന് തോന്നി. അല്ലാതെ വേറെ ചേതോവികാരമൊന്നുമില്ല. സ്വകാര്യവ്യക്തിക്ക് കൊടുക്കണമെന്ന് ഉദ്ദേശത്തോടുകൂടിയല്ല. ചെയ്തത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആർ. എസ്. ഉണ്ണി : നായനാർ മന്ത്രിസഭയുടെ കാലത്ത് ഫുഡ്കോർപ്പറേഷൻ റേഷൻ വിതരണത്തിൽനിന്നും ഞങ്ങളെ ഒഴിവാക്കണമെന്നും മറ്റ് ഏർപ്പാടുകൾ ഉണ്ടാക്കണമെന്നും നിർദ്ദേശിക്കുകയും അതിന് സഹകരണസ്ഥാപനങ്ങളോട് കഴിവുണ്ടോയെന്ന് അന്നത്തെ മന്ത്രി അന്വേഷിക്കുകയും ചെയ്തുവെന്ന് പറഞ്ഞു. അത് ശരിയാണ്. എന്നാൽ സഹകരണപ്രസ്ഥാനങ്ങൾ തയ്യാറാകാത്തതിനെത്തുടർന്ന് തിരിച്ച് ഫുഡ്കോർപ്പറേഷനെതന്നെ ഭക്ഷ്യധാന്യവിതരണം ഏല്പിക്കുകയും മറ്റൊരു ഏജൻസിയെ ഏല്പിക്കാൻ നിർവ്വാഹമില്ലെന്നും ഫുഡ്കോർപ്പറേഷനെ അറിയിക്കുകയും അതനുസരിച്ച് ഫുഡ്കോർപ്പറേഷൻ ഭക്ഷ്യധാന്യവിതരണം തുടർന്നുവരികയുമല്ലേ ചെയ്തത്?

ശ്രീ. യു. എ. ബീരാൻ : ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതു മുഴുവനും ശരിയല്ല. തൽക്കാലം എഫ്. സി. ഐ. തുടരണമെന്നാണ് എഴുതിയിട്ടുള്ളത്. അതല്ലാതെ സ്ഥിരമായി അവർ നടത്തണമെന്ന് ആവശ്യപ്പെട്ടിട്ടില്ല. വേറെ ബദൽ സംവിധാനത്തെ സംബന്ധിച്ച് ആൾട്ടർനേറ്റ് അറേഞ്ചുമെന്റിനെ സംബന്ധിച്ച് ഗവൺമെന്റ് ആലോചിക്കുകയാണ്. തൽക്കാലം നിവർത്തിയില്ല. എഫ്. സി. ഐ. തുടരണമെന്ന് പറഞ്ഞു. അതുപോലെ ഞങ്ങളും പറഞ്ഞുനോക്കി കഴിഞ്ഞ രണ്ടുമൂന്ന് കൊല്ലമായിട്ട്.

ശ്രീ. ജോസ്കുറ്റിയാനി : മൊത്തവ്യാപാരി സൂപ്പർ ഫൈൻ അരി ഉൾപ്പെടെ ഏറ്റവും നല്ല അരി ബ്ലാക്ക്മാർക്കറ്റിൽ വിറ്റതിനുശേഷം ഇരുമ്പരി ഉൾപ്പെടെയുള്ള അരി റേഷൻകടയിൽ കൊണ്ടുപോയി വിതരണം ചെയ്യുന്നതായി വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്ന് പറഞ്ഞു. അത് പരിഹരിക്കുന്നതിന് എല്ലാ റേഷൻ മൊത്തവ്യാപാരികൾക്കും നിശ്ചിതമായ അളവിൽ സൂപ്പർഫൈൻ അരി കൊടുക്കാനുള്ള ഏർപ്പാട് സ്വീകരിക്കുകയും ആ അരി റേഷൻ വിതരണത്തിന് എത്തിയിട്ടുണ്ടോയെന്ന് ഒരു മിന്നൽ പരിശോധന നടത്താനും ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. യു. എ. ബീരാൻ : അരി എത്തിച്ചുതരേണ്ടത് ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യയാണ്. അവർ പ്രൊക്യൂവർ ചെയ്യുന്ന സംസ്ഥാനങ്ങളിൽനിന്ന് അരി എത്തിക്കുന്നു. അതിൽ നല്ലയിനം അരി വേണമെന്ന് ഏത് സമയത്തും ആവശ്യപ്പെടാറുണ്ട്. പ്രത്യേകിച്ചു പുഴുക്കലരി. ഇരുമ്പരി വേണ്ടെന്ന് പറഞ്ഞു. കഴിഞ്ഞതിനുമുമ്പത്തെ ഭക്ഷ്യമന്ത്രിമാരുടെ യോഗത്തിൽ അതെപ്പറ്റി പറഞ്ഞു. ഇപ്പോൾ അത് നിർത്തി. ഇരുമ്പരിയെന്ന് പറയുന്നത് പഞ്ചാബ് സൂപ്പർഫൈൻ അരിയാണ്. ബഹുമാനപ്പെട്ട റാവുബീരേന്ദ്രസിംഗ് ആ യോഗത്തിൽവച്ചുതന്നെ ചെയർമാനോട് പറഞ്ഞു ഇനിമേൽ ആ അരി കേരളത്തിലേക്ക് അയയ്ക്കരുതെന്ന്. ഇപ്പോൾ ആ അരി വരുന്നില്ല. അതേ സമയം പഞ്ചാബിൽനിന്നുള്ള ഒരു തരം പച്ചരി അയയ്ക്കുന്നുണ്ട്. അതും മോശമാണ്. അതും വേണ്ടെന്ന് പറഞ്ഞിട്ടുണ്ട്.

ശ്രീ. പി. പി. തങ്കച്ചൻ : സ്വകാര്യവ്യക്തികൾക്ക് കൊടുക്കുന്ന കാര്യത്തിൽ കുറെയൊക്കെ ആക്ഷേപം ഉണ്ടെന്നുള്ളത് പരിഗണിച്ച് സഹകരണസംഘം മുന്നോട്ടു വരാൻ തടസ്സമായിട്ട് നിൽക്കുന്നത് കർശനമായ വ്യവസ്ഥകൾ ഉള്ളതുകൊണ്ടല്ലെ?

LIBRARY ARCHIVES Kerala Legislative Assembly

ഈ വ്യവസ്ഥകൾ പുതുക്കി അയവുവരുത്തി, കൂടുതൽ ഉദാരമാക്കികൊണ്ട് സഹകരണ സംഘത്തെ പ്രോൽസാഹിപ്പിക്കത്തക്കരീതിയിൽ ഭേദഗതിചെയ്യുന്നതിന് ഗവൺമെന്റ് നടപടി സ്വീകരിക്കുമോ?

ശ്രീ. യു. എ. ബീരാൻ : കേരള റേഷനിങ്ങ് ആർഡർ അനുസരിച്ചാണ് വ്യവസ്ഥയുള്ളത്. കേരള റേഷനിങ്ങ് ആർഡർ മുഖേന ഉദ്ദേശിക്കുന്നത് ഏതെങ്കിലുമൊരു ആളിന് ഹോൾസെയിൽ ഡിപ്പോ നടത്താനുള്ള അനുവാദം ഗവൺമെന്റ് കൊടുത്തു കഴിഞ്ഞാൽ അയാൾക്ക് അത് തടസ്സം കൂടാതെ നടത്താൻ കഴിയണമെന്നാണ്. ലക്ഷക്കണക്കിനു രൂപ ആഴ്ചയിൽ ചെലവഴിക്കാൻ കഴിയണം. ഇങ്ങനെയുള്ള പല സംഗതികളുമുണ്ട്. സഹകരണസംഘത്തെ സംബന്ധിച്ചിടത്തോളം അവരുടെ ഫൈനാൻഷ്യൽ സ്റ്റെബിലിറ്റി ഒരു പ്രധാനപ്പെട്ട ഘടകമാണ്.

ശ്രീ. ഒ. ഭരതൻ : റേഷൻ മൊത്തവിതരണം സ്വകാര്യവ്യക്തികൾക്ക് അനുവദിക്കുന്നതിനെതിരായിട്ട് അധികൃതരുമായി സംസാരിക്കാൻപോയ നിയമസഭാംഗം ശ്രീ. സിദ്ധാർത്ഥൻ കാട്ടുങ്കലിനെ സിദ്ധാർത്ഥൻകാട്ടുകള്ളൻ എന്ന് പറഞ്ഞ ഫിലോമിനയെന്ന ഡി. എസ്. ഒ. യെ ഇപ്പോൾ എവിടേക്കാണ് നിയമിച്ചിട്ടുള്ളത്. അവരുടെ ട്രാൻസ്ഫർ റദ്ദാക്കി പഴയ സ്ഥാനത്ത് നിയമിക്കാൻ പോകുന്നതായിട്ട് അറിയുന്നു. അത് ശരിയാണോ?

ശ്രീ. യു. എ. ബീരാൻ : ഫിലോമിന ഒരു ഗോഡൗൺ അല്ല. ഗോഡൗണിന്റെ കാര്യമാണ് ഈ ചോദ്യത്തിൽ പ്രധാനമായിട്ടുള്ളത്.

കേരക്കൃഷി ശാസ്ത്രീയമാക്കുന്നതിനുള്ള പദ്ധതി

*112 [154] ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ :

„ കാനം രാജേന്ദ്രൻ :

„ പി. കുമാരൻ :

ശ്രീമതി കെ. ആർ. ഗൗരി :

ശ്രീ. എം. ജിനദേവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ കേരക്കൃഷി കൂടുതൽ ശാസ്ത്രീയമാക്കുന്നതിന് ഗവൺമെന്റിന് എന്തെങ്കിലും പദ്ധതിയുണ്ടോ; ഉണ്ടെങ്കിൽ എന്താണത്;

(ബി) കേര വൃക്ഷങ്ങളുടെ സംരക്ഷണം ശക്തിപ്പെടുത്തുന്നതിന് സഹായകമായ എന്തെങ്കിലും പരിപാടി ഗവൺമെന്റ് നടപ്പിലാക്കിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ എന്താണെന്നു വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly